A

സമഗ്ര ശിക്ഷാ കേരളം

അർധവാർഷിക മൂല്യനിർണയം 2022-23

**5001**

# ആരോഗ്യ കായിക വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, പ്രവൃത്തിപഠനം

**ക്ലാസ്: 5** സമയം : 2 **മണിക്കൂർ**

## പൊതുനിർദ്ദേശങ്ങൾ

1. ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നി വിഷയങ്ങളെ 3 വിഭാഗമായിട്ടാണ് ചോദ്യപേപ്പറിൽ ക്രമികരിച്ചിട്ടുള്ളത്.
2. ഓരോ വിഷയത്തിനും 15 സ്കോർ വീതം.
3. ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.
4. മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകണം. ഓരോ പേപ്പറിലും പേര്, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ, വിഷയം എന്നീ വിവരങ്ങൾ എഴുതണം.

## ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം ബ്രാക്കറ്റിൽ നിന്ന് തിരെഞ്ഞെടുത്ത് എഴുതുക.** (4 x 1 = 4)

1. നടത്ത മത്സരത്തിൽ ഒളിമ്പിക്സിൽ പങ്കെടുത്ത മലയാളി കായിക താരം ആര്?

(പി.ആർ. ശ്രീജേഷ്, കെ.ടി. ഇർഫാൻ, സജൻ പ്രകാശ്, സഞ്ജു.വി.സാംസൺ)

2. അപകടങ്ങളിലൊ അത്യാഹിതങ്ങളിലൊ പെടുന്ന ആൾക്ക് നൽകുന്ന അടിയന്തര പരിചരണത്തെയാണ് -------------- എന്ന് പറയുന്നത്?

(പ്രഥമശുശ്രൂഷ, ലൈഫ് ജാക്കറ്റ്, ലൈഫ്ബോയ്, ഷിൻ ഗാർഡ്)

3. ഒളിമ്പിക്സ് പതാകയിൽ എത്ര വളയങ്ങൾ ഉണ്ട്?

(3, 5, 7, 9)

4. ലോകത്തിലെ ഏറ്റവും പ്രചാരമുള്ള കായിക ഇനം ഏത്?

(ഫുട്ബോൾ, ബാസ്കറ്റ് ബോൾ, ഹോക്കി, ഹാൻഡ്ബോൾ)

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **(4 X 2 = 8)**

5. കെർബ് ഡ്രിൽ എന്നാൽ എന്ത്?


6. താഴെ കൊടുത്തിരിക്കുന്ന കായികോപകരണങ്ങളുടെ പേരെഴുതുക.



A



B




C



D

7. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?



A



B



C



D

8. ഡ്വാർഫ് ഗെയിംസ് എന്നാൽ എന്ത്?

**9, 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക.**

**(1 X 3 = 3)**

9. 'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട' എന്ന പഴഞ്ചൊല്ല് കേട്ടിട്ടില്ലേ? കൂട്ടുകാരുമായി കളികളിൽ ഏർപ്പെടുന്നത് വഴി നിങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തെല്ലാം?

10. ചതവ് എന്നാൽ എന്ത്? ചതവ് സംഭവിച്ചാൽ ചെയ്യേണ്ട പ്രഥമശുശ്രൂഷ എങ്ങനെയെന്ന് വിവരിക്കുക.

## കലാ വിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.**

**(4 X 1 = 4)**

1. നമ്മുടെ ദേശീയഗാനം ഏത് ഭാഷയിലാണ് രചിച്ചിട്ടുള്ളത്?
   (മറാഠി, തമിഴ്, കന്നഡ, ബംഗാളി)

2. വരിക വരിക സഹജരെ എന്ന ഗാനം താഴെ തന്നിരിക്കുന്നവയിൽ ഏത് വിഭാഗത്തിൽപ്പെടുന്നു?
   (ദേശീയഗാനം, നാടൻപാട്ട്, ദേശഭക്തിഗാനം, ലളിതഗാനം).

3. ജലച്ചായചിത്രങ്ങൾ വരക്കാൻ ഉപയോഗിക്കുന്ന പ്രതലം ഇവയിൽ ഏതാണ്?

(ക്യാൻവാസ്, പേപ്പർ, ചുമർ, തുണി)

4. പ്രകൃതി വസ്തുക്കൾ ഉപയോഗിച്ച് ചുമരിൽ വരക്കുന്ന പരമ്പരാഗത ചിത്രരചനാ ശൈലി ഏത്?

(ഫാബ്രിക് പെയിന്റ്, കൊളാഷ്, ചുമർചിത്രം, എണ്ണച്ചായം)

5. താഴെ കൊടുത്തിട്ടുള്ളവയിൽ കേരളത്തിൽ കൂടുതൽ പ്രചാരമുള്ള നൃത്തരൂപം ഏത്?

(മണിപ്പൂരി, കഥക്, ഒപ്പന, ഗർബ)

6. മലയാള നാടക സാഹിത്യത്തെ ആധുനിക ഘട്ടത്തിൽ എത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച നാടകകൃത്ത് ആര്?

(എ.അയ്യപ്പൻ, സി.ജെ തോമസ്, ഒ.എൻ.വി കുറുപ്പ്, സുഗതകുമാരി)

**7, 8 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** **(1 X 2 = 2)**

7. നിങ്ങൾക്കറിയാവുന്ന ഏതെങ്കിലും ഒരു നൃത്തരൂപത്തിന്റെ പ്രത്യേകതകൾ എഴുതുക.

8. സിനിമയും നാടകവും തമ്മിലുള്ള രണ്ട് വ്യത്യാസങ്ങൾ എഴുതുക.

**9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.** **(2 X 3 = 6)**

9. നിങ്ങളുടെ സ്കൂൾ അസംബ്ലിയിൽ ദേശീയഗാനം ആലപിക്കാറുണ്ടല്ലോ. ദേശീയഗാനത്തെപ്പറ്റി നിങ്ങൾക്ക് എന്തെല്ലാം അറിയാം? ഒരു കുറിപ്പ് തയാറാക്കുക.

10. നമ്മുടെ മനസ്സിലുള്ള കാര്യങ്ങൾ വിരലുകൊണ്ട് പരസ്പരം കൈമാറാൻ കഴിയുന്ന ഭാഷയാണല്ലോ വിരൽഭാഷ. വിരൽഭാഷ ഉപയോഗിക്കാൻ കഴിയുന്ന 3 സന്ദർഭങ്ങൾ എഴുതുക.

11. നിങ്ങളുടെ തോട്ടത്തിലെ ആകൃതിയിലും വലുപ്പത്തിലും വ്യത്യസ്തമായ രണ്ട് തരം ഇലകൾ വരച്ച് നിറം നൽകുക.

12. തന്റെ വീടിന്റെ ചില്ലുജാലകത്തിൽ കുടുങ്ങിപ്പോയ തേനീച്ചയുമായി കുട്ടി നടത്തുന്ന സംഭാഷണം നാടകരൂപത്തിൽ എഴുതി തയ്യാറാക്കുക.

13, 14 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക (1 x 3 = 3)

13. ചേരുംപടി ചേർക്കുക

| A | B |
|---|---|
| ഡോ. കെ.ജെ.യേശുദാസ് | ദേശഭക്തിഗാനം |
| രവീന്ദ്രനാഥ ടാഗോർ | ചലച്ചിത്ര പിന്നണി ഗായകൻ |
| സാരേ ജഹാംസെ അച്ഛാ | ദേശീയഗാനം |

14. വഴിയോരത്ത് പൂത്തുനിൽക്കുന്ന മരത്തിന്റെ ചിത്രം വരച്ച് നിറം നൽകുക.

## പ്രവൃത്തിപഠനം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.** **(4 x 1 = 4)**

1. കിണർവെള്ളം ശുദ്ധീകരിക്കുന്ന രീതിയാണ്...............................

(ക്ലോറിനേഷൻ, ഫോഗിങ്ങ്, സോപ്പ് ലായനി, വാക്സിനേഷൻ)

2. മഞ്ഞയും ചുവപ്പും നിറങ്ങൾ യോജിപ്പിക്കുമ്പോൾ ലഭിക്കുന്ന നിറമേത്?

(ഓറഞ്ച്, പച്ച, നീല, വയലറ്റ്)

3. പച്ചക്കറിയിലെ വിഷാംശം നീക്കം ചെയ്യുന്നതിനുള്ള മാർഗ്ഗം ഏത്?

(വെയിലത്ത് വയ്ക്കുന്നു, ഫ്രിഡ്ജിൽ വയ്ക്കുന്നു, മഞ്ഞൾപ്പൊടിയും ഉപ്പും ചേർത്ത വെള്ളത്തിൽ ഇട്ട് വയ്ക്കുന്നു, വേവിക്കുന്നു)

4. ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും ഗൃഹോപകരണം തിരഞ്ഞെടുത്തെഴുതുക?

(ട്രാക്ടർ, ബ്ലാക്ക് ബോർഡ്, മിക്സി, കലപ്പ)

5. കൂട്ടത്തിൽപ്പെടാത്തത് എടുത്തെഴുതുക.

(ഓറഞ്ച്, ആപ്പിൾ, പേരക്ക, ബീൻസ്)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 2 = 8)**

6. ആശംസാകാർഡ് നിർമ്മിക്കാനുപയോഗിക്കാവുന്ന വസ്തുക്കളുടെ പേരെഴുതി പദസൂര്യൻ പൂർത്തിയാക്കുക.





7. ചേരുംപടി ചേർക്കുക


| A | B |
|---|---|
| ബ്ലാക്ക് ബോർഡ് | ഫയൽ |
| നോട്ട് ബുക്ക് | എൻവലപ്പ് |
| എ4 പേപ്പർ | കാലിക്കോ |
| ചാർട്ട്പേപ്പർ | ചോക്ക് |


8. ഒരു തൂവാല ഭംഗിയാക്കുന്നതിന് വേണ്ടി സ്വീകരിക്കാവുന്ന രണ്ട് മാർഗ്ഗങ്ങൾ എഴുതുക.


9. ചിരട്ട ഉപയോഗിച്ച് നിർമ്മിക്കാവുന്ന രണ്ട് ഗൃഹോപകരണങ്ങളുടെ പേരെഴുതുക.

10. ചിത്രങ്ങൾ നിരീക്ഷിച്ച് ഓരോന്നിന്റേയും പേരെഴുതുക.


A


B


C


D

**11, 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക.** **(1 x 3 = 3)**

11. ഒരു ആശംസാകാർഡ് നിർമ്മിക്കുന്ന രീതി വിവരിക്കുക.

12. ന്യൂസ്പേപ്പർ ഉപയോഗിച്ച് ഒരു വാൾഹാങ്ങിംഗ് നിർമ്മിക്കുന്ന വിധം വിവരിക്കുക.